നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി

189 (1124) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ആയുർവേദ ഡിസ്പെൻസറികളുടെയും ആയുർവേദ ആശുപത്രികളുടെയും ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ തീരുമാനങ്ങളിൽ നാളിതുവരെ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ട് ;

(സി) ഈ സാമ്പത്തിക വർഷത്തിൽ തന്നെ പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കണമെന്നും കൂടുതൽ മരുന്നുകൾ അനുവദിക്കണമെന്നുമുള്ള ആവശ്യത്തിന്മേൽ, ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മരുന്ന് ഫണ്ടിന്റെ ലഭ്യതക്ക് വിധേയമായി നല്കുന്നതാണ്. ഔഷധത്തിന്റെ കാര്യത്തിൽ വകുപ്പ് തലത്തിൽ ലഭ്യമായ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതാണ്.

തിരുവണ്ണൂർ പ്രൈമറി ഹെൽത്ത് സെന്റർ

190 (1125) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ തിരുവണ്ണൂർ പ്രൈമറി ഹെൽത്ത് സെന്റർ വിപുലീകരിക്കാൻ ഉള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ പ്രസ്തുത പ്രൊപ്പോസൽ നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ തിരുവണ്ണൂർ പ്രൈമറി ഹെൽത്ത് സെന്റർ വിപുലീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല. പ്രസ്തുത പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ചേർപ്പ് ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി

191 (1126) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് വേണ്ടത് ;

LIBRARY ARCHIVES Kerala Legislative Assembly